ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല.

(ബി)—(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി ജീവനക്കാരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഭൗതിക സൗകര്യം ഏർപ്പെടുത്തുക, ആധുനിക ഉപകരണങ്ങൾ പ്രദാനം ചെയ്യുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നീ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ഫയൽ തീർപ്പാക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി

14 [1651] *ശ്രീ. എം. കുമാരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയൽ തീർപ്പാക്കൽ നടപടി പ്രകാരം സെക്രട്ടറിയേറ്റിൽ എത്ര ഫയലുകൾ തീർപ്പാക്കിയെന്ന് വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയുടെ ജന സമ്പർക്ക പരിപാടിയുടെ ഭാഗമായി സെക്രട്ടേറിയറ്റിൽ പുതുതായി എത്ര ഫയലുകൾ ഓപ്പൺ ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഫയലുകളിൽ തീർപ്പുകൽപ്പിക്കാൻ സമയബന്ധിത നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 8-9-2004-ൽ ആകെ 125266 ഫയലുകൾ ഉണ്ടായിരുന്നു. 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി അതിൽ തീർപ്പാക്കാവുന്ന 89116 ഫയലുകളിൽ 68150 ഫയലുകൾ തീർപ്പാക്കി. ബാക്കിയുള്ള ഫയലുകളും വേഗത്തിൽ തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഈ ഫയലുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly